LIBRARY ARCHIVES Kerala Legislative Assembly

പുതിയ പോലീസ് സ്റ്റേഷനുകളിലെ പോസ്റ്റ് ക്രിയേഷൻ

242 (250) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഫയൽ നിലവിലുണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ പുതിയതായി അനുവദിച്ച 7 പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 80988/ഇ 1/15/ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

വ്യാജ ഫോട്ടോ നിർമ്മിച്ചതിനെതിരെ ക്രിമിനൽ നടപടി

243 (251) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ക്രിമിനൽ നടപടി നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റകരമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2014-15-ലെ പഞ്ചായത്ത് സശക്തികരൻ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡൻഡ് എ.പി.ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് (ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് നേതാവും നാദാപുരം പഞ്ചായത്തു പ്രസിഡന്റും) നൽകുന്ന വിധത്തിൽ മോർഫ് ചെയ്ത ചിത്രം, അദ്ദേഹം പ്രചരിപ്പിച്ചതായുള്ള വിവരം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മുൻ ഇന്ത്യൻ പ്രസിഡൻഡിന്റെ പേരും ഫോട്ടോയും ദുരുപയോഗപ്പെടുത്തിയ ആൾക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; കേസെടുത്തിട്ടുണ്ടെങ്കിൽ എതെല്ലാം കുറ്റങ്ങൾക്കെതിരെ; അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതിനും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും ക്രിമിനൽ നടപടി നിയമത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമാണെന്ന തരത്തിൽ വകുപ്പുകൾ ഇല്ല.